"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ലയിലെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

G.O.(Rt)No.204/2023/RD തീയതി,തിരുവനന്തപുരം, 12-01-2023

---

പരാമർശം:-1. സ.ഉ. (കൈ) നം. 203/2021/റ.വ., തീയതി, 22.10.2021.

2. സ.ഉ. (സാധാ) നം. 305/2022/റവ, തീയതി 18.01.2022

3. സ.ഉ. (സാധാ) നം. 487/2022/റവ, തീയതി, 03.02.2022.

4. സ.ഉ. (സാധാ) നം. 818/2022/റവ, തീയതി, 22.02.2022.

5. സ.ഉ. (സാധാ) നം. 1332/2022/റവ, തീയതി, 24.03.2022.

6. സ.ഉ. (സാധാ) നം. 2137/2022/റവ, തീയതി, 11.05.2022.

7 സ.ഉ. (സാധാ) നം. 2233/2022/റവ, തീയതി, 19.05.2022

8.. സ.ഉ. (സാധാ) നം. 2757/2022/റവ, തീയതി, 24.06.2022

9 . സ.ഉ. (സാധാ) നം. 3671/2022/റവ, തീയതി, 30.08.2022

10.സ.ഉ. (സാധാ) നം. 4937/2022/റവ, തീയതി, 03.12.2022.

11.. ലാന്റ് റവന്യൂ കമ്മീഷണറുടെ **26.12.2022,30.12.2022**എന്നീ തിയ്യതികളിലെ LR-4401/2021/LR(H1) നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.പരാമർശം (2), (3), (4), (5), (6), (7), (8) (9), (10) എന്നീ ഉത്തരവുകൾ പ്രകാരം കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 2,08,45,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ആലപ്പുഴ ജില്ലക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ ആശ്രിതർക്ക് ഇതുവരെ 2,08,45,000/-രൂപ അനുവദിച്ചിട്ടുണ്ടെന്നും 580 പേർക്ക് 2022 നവംബർ മാസം വരെയുള്ള 4 മാസത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 1,16,00,000/-രൂപയും 109 പേർക്ക് 2022 നവംബർ മാസം വരെയുള്ള 3 മാസത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 16,35,000/-രൂപയും 33 പേർക്ക് ആദ്യ ഗഡുവായി 1,65,000/-രൂപയും ഉൾപ്പെടെ ആകെ 722 പേർക്ക് നൽകുന്നതിനായി 1,34,00,000/-(ഒരു കോടി മുപ്പത്തി നാല് ലക്ഷം രൂപ മാത്രം) രൂപ ആവശ്യം ഉണ്ടെന്നും ടി തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് നല്കണമെന്നും പരാമർശം (11) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടു.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ 722 ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി **1,34,00,000/-(ഒരു കോടി മുപ്പത്തി നാല് ലക്ഷം രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4). വിതരണത്തിനാവശ്യമായി വരുന്ന തുകയായ 1,34,00,000/- രൂപ (ഒരു കോടി മുപ്പത്തി നാല് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ

തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIRANI K
DEPUTY SECRETARY

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യു വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി ) വകുപ്പുകൾക്ക്
ദുരന്തനിവാരണ വകുപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Bindumol K N**
**Date: 12-01-2023 14:15:02**
സെക്ഷൻ ഓഫീസർ